# പൊതുവിദ്യാഭ്യാസഡയറക്ടറുടെ നടപടി ഉത്തരവ്

## (ഹാജർ : ജീവൻബാബു കെ. ഐ.എ.എസ്)

വിഷയം :- പൊതുവിദ്യാഭ്യാസം -- എസ്.എസ്.എൽ.സി/ഹയർസെക്കണ്ടറി പൊതുപരീക്ഷകൾ- വിദ്യാർത്ഥികൾക്ക് മാസ്ക് വിതരണം നടത്തുന്നത് - സംബന്ധിച്ച്

സൂചന :-

**ഉത്തരവ് നം. എസ്.എസ് - 8(5)/2020/ഡിജിഇ തീയതി: 08.05.2020**

കോവിഡ് -19 ന്റെ ഭീഷണിയെത്തുടർന്ന് ലോക്ക്ഡൗൺ പ്രഖ്യാപിച്ചിരിക്കുന്നതിനാൽ മാറ്റി വച്ചിരിക്കുന്ന പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിലെ പരീക്ഷകൾ ലോക്ക്ഡൗണിന് അയവുവരുത്തുന്ന മുറയ്ക്ക് പുനരാരംഭിക്കുമ്പോൾ കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് വിദ്യാർത്ഥികൾ പരീക്ഷകൾക്ക് ഹാജരാകേണ്ടതുണ്ട്.

ഇതിനായി വിദ്യാർത്ഥികൾക്ക് ആവശ്യമായ മാസ്ക്കുകൾ നിർമ്മിക്കാനുള്ള പ്രവർത്തനങ്ങൾ ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി, നാഷണൽ സർവ്വീസ് സ്കീം, സമഗ്ര ശിക്ഷാ കേരള എന്നിവയുടെ നേതൃത്വത്തിൽ നടന്നുവരികയാണ്. പ്രസ്തുത പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാദ്ധ്യമായ സഹായങ്ങൾ ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി പി.ടി.എ കളിൽ നിന്നും ലഭ്യമാക്കാൻ പ്രിൻസിപ്പൽമാരും ഹെഡ്മാസ്റ്റർമാരും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇത്തരത്തിൽ തയ്യാറാക്കുന്ന മാസ്ക്കുകൾ പരീക്ഷയ്ക്ക് ഹാജരാകുന്ന വിദ്യാർത്ഥികളിലെത്തിക്കുവാൻ ഓരോ ജില്ലയിലും സംവിധാനം ഒരുക്കേണ്ടതാണ്. ഇതിനായി ഹയർസെക്കണ്ടറി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടർ, ഹയർസെക്കണ്ടറി എൻ.എസ്.എസ് റീജിയണൽ കൺവീനർ, ഹയർസെക്കണ്ടറി/വി.എച്ച്.എസ്.ഇ എൻ.എസ്.എസ് ജില്ലാ കൺവീനർമാർ, എസ്.എസ്.കെ ജില്ലാ പ്രോഗ്രാം കൺവീനർ, ജില്ലാ മെഡിക്കൽ ഓഫീസറുടെ പ്രതിനിധി എന്നിവരടങ്ങുന്ന ഒരു സമിതി ജില്ലാതലത്തിൽ രൂപീകരിച്ച് മാസ്ക്ക് വിതരണം സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്.

പൊതു വിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താക്കൾ:

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2) എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഹയർ സെക്കണ്ടറി വിഭാഗം)
3) എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം)
4) എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന)

A5/6144/19 Dt. 11/5/20

പകർപ്പ് എല്ലാ പ്രധാനാധ്യാപകർക്കും മേൽനടപടികൾക്കായി അയക്കുന്നു.